ഉത്തരം

കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ നിയോജകമണ്ഡലത്തിൽ താഴെ പറയുംപ്രകാരമാണ് പുറമ്പോക്ക് ഭൂമികളുടെ വിസ്തീർണ്ണം:

1.	വെളിനെല്ലൂർ വില്ലേജ്	..	194.01.38 ഹെക്ടർ
2.	പൂയപ്പള്ളി വില്ലേജ്	..	154.06.48 ,,
3.	വെളിയം വില്ലേജ്	..	119.22.30 ,,
4.	ഓടനാവട്ടം വില്ലേജ്	..	136.58.38 ,,
5.	കരീപ്ര വില്ലേജ്	..	123.22.39 ,,
6.	നെടുവത്തൂർ വില്ലേജ്	..	159.85.03 ,,
7.	പവിത്രേശ്വരം വില്ലേജ്	..	175.78.48 ,,
8.	എഴുകോൺ വില്ലേജ്	..	114.20.57 ,,

പട്ടയഭൂമിയിൽ നിന്നും ഭൂനികുതി പിരിക്കാൻ നടപടി

160 [2598] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പട്ടയമുള്ള കൈവശക്കാരിൽ നിന്ന് സർക്കാർ ഉത്തരവുണ്ടായിട്ടുപോലും ഭൂനികുതി സ്വീകരിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശരിയായ പട്ടയമുള്ളവരിൽനിന്നും നികുതി സ്വീകരിക്കുന്നുണ്ട്.

(ബി) കുടിയേറ്റ കർഷകർ കൈവശം വച്ചുവരുന്നതും മുൻപ് ഏതെങ്കിലും വർഷം അടിസ്ഥാന നികുതി നൽകിയിട്ടുള്ളതുമായ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് 23-2-2005-ലെ സർക്കാർ ഉത്തരവ് നമ്പർ 1106/05 ആർ. ഡി. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഭൂമിയെപ്പറ്റി തർക്കമുള്ളപക്ഷം റവന്യൂ വകുപ്പും വനംവകുപ്പും ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി തീരുമാനിക്കേണ്ടതാണെന്ന് 5-5-2005-ലെ സർക്കാർ ഉത്തരവ് നമ്പർ 2642/05 റവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly